# കേരളസർവകലാശാല

നം.പി.ആർ.02/2023

## പത്രക്കുറിപ്പ്

### പരീക്ഷാഫലം

കേരളസർവകലാശാല 2022 സെപ്റ്റംബറിൽ നടത്തിയ എം.എസ്‌സി. കമ്പ്യൂട്ടർ സയൻസ് (2020 – 2022) സി.എസ്.എസ്., കാര്യവട്ടം പരീക്ഷാഫലം പ്രസിദ്ധീകരിച്ചു.

കേരളസർവകലാശാല 2022 ജൂണിൽ നടത്തിയ മൂന്നാം സെമസ്റ്റർ എം.ബി.എ. (വിദൂരവിദ്യാഭ്യാസം – 2019 അഡ്മിഷൻ & സപ്ലിമെന്ററി – 2018 അഡ്മിഷൻ) പരീക്ഷാഫലം പ്രസിദ്ധീകരിച്ചു. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

### വൈവ വോസി

കേരളസർവകലാശാല നടത്തുന്ന APGDEC (Advanced Post Graduate Diploma in English for Communication), നവംബർ 2022 പരീക്ഷയുടെ വാചാപരീക്ഷ 2023 ജനുവരി 6 ന് രാവിലെ 10 മണിക്ക് കേരളസർവകലാശാലയുടെ പാളയം ക്യാമ്പസിലെ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇംഗ്ലീഷിൽ വച്ച് നടത്തുന്നതാണ്. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

### ടൈംടേബിൾ

കേരളസർവകലാശാലയുടെ കാര്യവട്ടം യൂണിവേഴ്സിറ്റി കോളേജ് ഓഫ് എഞ്ചിനീയറിംഗിലെ രണ്ടാം സെമസ്റ്റർ (റെഗുലർ/സപ്ലിമെന്ററി) 2020 സ്കീം, ജനുവരി 2023 പരീക്ഷയുടെ ടൈംടേബിൾ പ്രസിദ്ധീകരിച്ചു. പരീക്ഷകൾ 2023 ജനുവരി 11 മുതൽ ആരംഭിക്കുന്നതാണ്. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

കേരളസർവകലാശാല 2023 ജനുവരി 10 മുതൽ നടത്താൻ നിശ്ചയിച്ചിരുന്ന രണ്ടാം സെമസ്റ്റർ ബി.പി.എ. (വീണ), സെപ്റ്റംബർ 2022 പ്രാക്ടിക്കൽ പരീക്ഷ 2023 ജനുവരി 12 മുതൽ പുനഃക്രമീകരിച്ചിരിക്കുന്നു. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

### പരീക്ഷാഫീസ് – തീയതി നീട്ടി

കേരളസർവകലാശാലയുടെ ഒന്നും രണ്ടും മൂന്നും നാലും വർഷ ബി.എസ്‌സി. നേഴ്സിംഗ് (മേഴ്സിചാൻസ് – 2006 മുതൽ 2009 അഡ്മിഷൻ വരെ) പരീക്ഷകൾക്ക് അപേക്ഷിക്കാനുള്ള തീയതി നീട്ടി. പിഴകൂടാതെ 2023 ജനുവരി 13 വരെയും 150 രൂപ പിഴയോടെ ജനുവരി 17 വരെയും 400 രൂപ പിഴയോടെ ജനുവരി 19 വരെയും അപേക്ഷിക്കാം. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

### പിഎച്ച്.ഡി. രജിസ്ട്രേഷൻ

കേരളസർവകലാശാല ഒപ്റ്റോഇലക്ട്രോണിക്സ് വിഭാഗത്തിൽ പിഎച്ച്.ഡി. രജിസ്ട്രേഷനുള്ള (ജനുവരി 2023 സെഷൻ) അപേക്ഷ ക്ഷണിക്കുന്നു. Interdisciplinary വിഷയം ആയതിനാൽ ഫിസിക്സ്, നാനോസയൻസ്, കമ്പ്യൂട്ടർ സയൻസ്, ഇലക്ട്രോണിക്സ് എഞ്ചിനീയറിംഗ് & ടെക്നോളജി എന്നീ വിഷയങ്ങളിൽ സർവകലാശാല നടത്തിയിട്ടുള്ള പ്രവേശന പരീക്ഷ വിജയിച്ചവർക്കും പ്രസ്തുത വിഷയങ്ങളിൽ UGC, NET, GATE, M.Phil എന്നീ യോഗ്യതകൾ ഉള്ളവർക്കും ജനുവരി 15 വരെ അപേക്ഷ

സമർപ്പിക്കാവുന്നതാണ്. വിശദവിവരങ്ങൾക്ക് dept.optoelectronics.in എന്ന ഡിപ്പാർട്ട്മെന്റ് വെബ്സൈറ്റ് സന്ദർശിക്കുക.

## പി.ജി. ഡിപ്ലോമ ഇൻ പാലിയോഗ്രാഫി ആന്റ് കൺസർവേഷൻ ഓഫ് മാനുസ്ക്രിപ്റ്റ്സ് – പ്രവേശനപരീക്ഷ

കേരളസർവകലാശാലയുടെ കീഴിലുള്ള ഓറിയന്റൽ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് ആന്റ് മാനുസ്ക്രിപ്റ്റ്സ് ലൈബ്രറിയിൽ 2023 ഫെബ്രുവരി 1 ന് ആരംഭിക്കുന്ന പി.ജി. ഡിപ്ലോമ ഇൻ പാലിയോഗ്രാഫി ആന്റ് കൺസർവേഷൻ ഓഫ് മാനുസ്ക്രിപ്റ്റ്സ് കോഴ്സിലേക്കുള്ള (റെഗുലർ) പ്രവേശനപരീക്ഷ 2023 ജനുവരി 18 ന് രാവിലെ 10.30 മുതൽ 12.30 വരെ കാര്യവട്ടം ക്യാമ്പസ്സിലെ ഓറിയന്റൽ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് ആന്റ് മാനുസ്ക്രിപ്റ്റ്സ് ലൈബ്രറിയിൽ നടക്കുന്നതാണ് വിശദവിവരങ്ങൾക്ക് വെബ്സൈറ്റ് (www.keralauniversity.ac.in) സന്ദർശിക്കുക. ഫോൺ: 0471-2308421/9495700985

## വിദൂരവിദ്യാഭ്യാസ വിഭാഗം അറിയിപ്പ്

കേരളസർവകലാശാല വിദൂരവിദ്യാഭ്യാസവിഭാഗം 2022 – 2023 അദ്ധ്യയനവർഷം പ്രവേശനം ലഭിച്ച വിദ്യാർത്ഥികൾക്ക് അഡ്മിഷൻ മെമ്മോ, ഐ.ഡി. കാർഡ് തുടങ്ങിയവ ജനുവരി 16 മുതൽ എസ്.ഡി.ഇ. അഡ്മിഷൻ പോർട്ടൽ വഴി ഡൗൺലോഡ് ചെയ്യാവുന്നതാണ്. സ്റ്റഡിമെറ്റീരിയലുകളുടെ വിതരണം, കോൺടാക്ട് ക്ലാസുകൾ എന്നിവ ഫെബ്രുവരിയിൽ ആയിരിക്കും. ഇവ സംബന്ധിച്ചും തുടർന്നുമുള്ള അറിയിപ്പുകൾ എസ്.എം.എസ്., പത്രക്കുറിപ്പ് എന്നിവയിലൂടെ ലഭ്യമാക്കുന്നതാണ്. എല്ലാ അറിയിപ്പുകളും യഥാസമയം (www.ideku.net) എന്ന വെബ്സൈറ്റിൽ അപ്ലോഡ് ചെയ്യുന്നതുമായിരിക്കും.

അഡ്മിഷൻ സമയത്ത് Original Certificate/Fee Receipts/E-granz Documents മുതലായവ ഹാജരാക്കുവാൻ സാധിക്കാത്ത വിദ്യാർത്ഥികൾ ജനുവരി 10 – നകം പ്രസ്തുത സർട്ടിഫിക്കറ്റുകൾ ഹാജരാക്കി അഡ്മിഷൻ പൂർത്തിയാക്കേണ്ടതാണ്.

## ഹിപ്നോതെറാപ്പി സെമിനാർ

കേരളസർവകലാശാല മനഃശാസ്ത്രവിഭാഗം ഹിപ്നോതെറാപ്പിയെ കുറിച്ച് സംസ്ഥാനതല സെമിനാർ സംഘടിപ്പിക്കുന്നു. 2023 ജനുവരി 14 – 15 തീയതികളിൽ കാര്യവട്ടം ക്യാമ്പസിൽ വച്ചാണ് സെമിനാർ നടത്തുന്നത്. ആദ്യം രജിസ്റ്റർ ചെയ്യുന്ന 70 പേർക്കാണ് പ്രവേശനം. പേര് രജിസ്റ്റർ ചെയ്യുന്നതിന് വെബ്സൈറ്റ് (www.keralauniversity.ac.in) സന്ദർശിക്കുക. വിശദവിവരങ്ങൾക്ക്: 9447221421

തിരുവനന്തപുരം,
05.01.2023.

പബ്ലിക് റിലേഷൻസ് ഓഫീസർ (ഇൻ-ചാർജ്ജ്)

**E-mail:** For queries **helpdesk@keralauniversity.ac.in, examhelpdesk1@keralauniversity, examhelpdesk2@keralauniversity**
**website: www.keralauniversity.ac.in**

**University information is available on 9188526670, 9188526671, 9188526674, 9188526675**